# ലൗ ജിഹാദ്



**രാത്രിയു**ടെ നിശ്ശബ്ദതയെ കീറിമുറിച്ചുകൊണ്ട് എവിടെനിന്നോ ഒരു കുളിർകാറ്റ് വീശി. പുറത്ത് വൃക്ഷത്തലപ്പുകളുടെ ആത്മഗതം. ജനാലക്കുള്ളിലൂടെ അരിച്ചെത്തുന്ന തണുപ്പിന് കനം കൂടിവരുന്നു.

'സ്വദഖല്ലാഹുൽഅലിയ്യുൽ അളീം...'

കൈയിലുണ്ടായിരുന്ന മുസ്ഹഫ് അടച്ചുവെച്ച് ആഇശ മുൻകൈകൾ ഉയർത്തി മുഖം തടവി. നമസ്കാരത്തിനു ശേഷം അൽപസമയം ഖുർആൻ പാരായണം ചെയ്യുന്നത് മനസ്സിനൊരു കുളിർമയാണ്. രാത്രിയിലാണ് മിക്കവാറും അതിനു സമയം കിട്ടുക. ഖുർആൻ സൂക്തങ്ങൾക്ക് മനുഷ്യമനസ്സുകളെ കീഴ്പ്പെടുത്താനുള്ള മാസ്മരിക ശക്തിയുണ്ട്. ദുഃഖം, പക, കോപം തുടങ്ങിയ മനോവികാരങ്ങളെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള അതിന്റെ ശക്തി അപാരമാണ്. ഒരർഥത്തിൽ തനിക്കിന്ന് ഊർജം പകർന്നു തരുന്നതും ആ ശക്തിയാണ്.

ആഇശ നമസ്കാരക്കുപ്പായം അഴിച്ചുമാറ്റി മുസ്വല്ല വിട്ടെഴുന്നേറ്റു. മോൻ തൊട്ടിലിൽ സുഖനിദ്രയിലാണ്. അവൾ ജനാലക്കരികിലേക്ക് നടന്നു.

അന്തരീക്ഷത്തെ ചൂഴ്ന്ന് നിൽക്കുന്ന ഇരുട്ട് രാത്രിയുടെ ഭീകരത വരച്ചുകാട്ടി. ഒരു നക്ഷത്രവെളിച്ചം പോലുമില്ല. ആകാശം നിറയെ കൂട്ടംകൂട്ടമായി മേഞ്ഞു നടക്കുന്ന കാർമേഘങ്ങൾ...... വിശാലമായ ആകാശവീഥിയിലൂടെ എത്ര സ്വതന്ത്രമായാണവ മേഞ്ഞു നടക്കുന്നത്? അവൾ ജനലഴികൾക്കിടയിലൂടെ മുകളിലേക്ക് നോക്കി. ഒരിക്കൽ താനും ഈ മേഘങ്ങളെപ്പോലെ സ്വതന്ത്രയായിരുന്നു. അതിരുകളില്ലാത്ത ലോകം. വിഘ്നങ്ങളില്ലാത്ത പാഥേയം. അതിനിടക്ക് തന്റെ കരങ്ങൾക്ക് വിലങ്ങുവീണതെപ്പോഴാണ്? അരുതായ്മയുടെ വിലക്കുകൾ തന്റെ

നെറുകയിൽ കരിമ്പടം വീഴ്ത്തിയതെപ്പോഴാണ്?

കോളേജിൽ ലിറ്ററേച്ചർ പഠിപ്പിക്കുന്ന മുസ്‌ലിം അധ്യാപകനോട് തോന്നിയ ചെറിയൊരു കൗതുകം. അതു പിന്നീട് പ്രണയ ചാപല്യത്തിലൂടെ വിവാഹത്തിൽ കലാശിക്കുകയായിരുന്നു. പിന്തിരിയാൻ അദ്ദേഹം പലതവണ ഉപദേശിച്ചു. വരാൻ പോകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് മുന്നറിയിപ്പ് തന്നു. മതത്തിന്റെ വിധിവിലക്കുകൾ വിസ്തരിച്ചു. പക്ഷേ, ഒടുക്കം എല്ലാ പ്രതിസന്ധികളെയും മറികടക്കാൻ തയാറാവുകയായിരുന്നു.

ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി പലതും നഷ്ടപ്പെടുത്തേണ്ടിവന്നു. അച്ഛൻ, അമ്മ, ജ്യേഷ്ഠൻ...... ജീവിതത്തിൽ വിലപ്പെട്ടതെന്നു കരുതിയതെല്ലാം..... പക്ഷേ, അല്ലാഹുവിങ്കൽ നിന്നുള്ള ഹിദായത്ത് ആ നഷ്ടങ്ങളെയെല്ലാം തോൽപിച്ചു കളഞ്ഞിരിക്കുന്നു. ജീവിതത്തിന് പരിപാവനമായ ഒരു ലക്ഷ്യം കൈവന്നിരിക്കുന്നു. സന്മാർഗത്തിന്റെ ഈ പാത തനിക്കു മുന്നിൽ തെളിഞ്ഞിരുന്നില്ലെങ്കിൽ ഭൗതികതയുടെ നശ്വരതയിൽ താൻ മൺമറഞ്ഞു പോകുമായിരുന്നു. അനശ്വരമായ സ്വർഗ പൂങ്കാവനം തനിക്ക് അജ്ഞാതമാകുമായിരുന്നു.

നാഥാ തൗഹീദിന്റെ നേർവെളിച്ചം എനിക്ക് തെളിച്ചു തന്ന നിനക്കാണ് സർവ സ്തുതിയും.... നീയെന്നെ സത്യവിശ്വാസികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണമേ.....

സിറ്റൗട്ടിൽനിന്നും റഹീംക്കയുടെ സൗമ്യമായ വിളികേട്ടു. മഗ്‌രിബിനു പള്ളിയിൽ പോയാൽ ഇശാ നമസ്കാരവും കഴിഞ്ഞാണ് റഹീംക്ക തിരിച്ചെത്തുക. ഇന്ന് പതിവിലും അൽപം വൈകിയെന്ന് തോന്നുന്നു.

ആഇശ ജനലടച്ച് ധൃതിയിൽ ചെന്ന് വാതിൽ തുറന്നു.

'മോനുറങ്ങിയോ'

'ഇന്ന് നേരത്തെ ഉറങ്ങി'

'നമസ്കാരത്തിനു ശേഷം പള്ളിയിൽ ഒരു ചെറിയ മീറ്റിംഗുണ്ടായിരുന്നു. അതാ വൈകിയത്...'

പ്രിയതമയുടെ മുഖത്തുനിന്നും ചോദ്യം വായിച്ചെടുത്ത് അയാൾ മറുപടി നൽകി.

അത്താഴം വിളമ്പി മേശപ്പുറത്തു വയ്ക്കുന്നതിനിടയിൽ കേട്ടു, പുറത്ത് ഒരു വാഹനത്തിന്റെ ഇരമ്പം. ഈ സമയത്ത് ആരും വരാനിടയില്ല. ഉടനെ കോളിംഗ്ബെൽ ശബ്ദിച്ചു. റഹീംക്കയാണ് വാതിൽ തുറന്നത്.

സിറ്റൗട്ടിൽ നിൽക്കുന്ന ആഗതരെക്കണ്ട് അദ്ദേഹം അമ്പരന്നു. വേഷം കണ്ടാൽ പോലീസുകാരാണ്. അദ്ദേഹത്തിന് ഒന്നും മനസ്സിലായില്ല.

'നിങ്ങൾക്കൊരു അറസ്റ്റുവാറന്റുണ്ട്.'

പോലീസുകാരിലൊരാൾ ആഗമനോദ്ദേശ്യം വ്യക്തമാക്കി.

'എന്ത്....! എന്ത് കുറ്റമാണ് ഞാൻ ചെയ്തത്?!'

'ലൗ ജിഹാദ്'

'വാട്ട് യു മീൻ..... നിങ്ങൾക്ക് ഭ്രാന്തുണ്ടോ?'

'ഭ്രാന്തല്ല. കേരളത്തിൽ പ്രവർത്തിക്കുന്ന ലൗ ജിഹാദികളുടെ പ്രതിപട്ടികയിൽ നിങ്ങളുടെ പേരുമുണ്ട്. ഒരു വാദപ്രതിവാദത്തിനു നിൽക്കാതെ വേഗം വണ്ടിയിലോട്ട് കേറ്....!'

പിറകെ വന്ന ആഇശയുടെ കാതുകളിലേക്ക് പോലീസുകാരന്റെ കർക്കശ

സ്വരം കൂരമ്പുപോലെ ആഞ്ഞു തറച്ചു. അവളുടെ കൈകാലുകൾക്ക് ഒരു വിറയല നുഭവപ്പെട്ടു.

ഏങ്ങിവന്ന നിലവിളി തൊണ്ടയിൽ കുരുങ്ങി.

'ക്ഷമിക്കണം മാഡം, മുകളിൽനിന്നുള്ള ഓർഡറാണ്... ഞങ്ങൾക്ക് അനുസരിക്കാതിരിക്കാൻ നിവൃത്തിയില്ല!

ഒരു പോലീസുകാരൻ അവളുടെ നേർക്ക് ഭവ്യതയോടെ കൈ കൂപ്പി.

ആകാശത്ത് ഓടിക്കൂടിയ കാർമേഘങ്ങൾ ആഞ്ഞുവീശിയ കാറ്റിനൊപ്പം മഴത്തുള്ളികളായി താഴേക്കു പതിച്ചു. അകത്തെ മുറിയിൽനിന്നും കുഞ്ഞിന്റെ കരച്ചിൽ ഊക്കോടെ പെയ്തിറങ്ങുന്ന പെരുമഴയിൽ അലിഞ്ഞുകുതിർന്നു. റഹീമ്ക്കയെയും വഹിച്ച് പോലീസ് വാഹനം വിദൂരതയിൽ മറയുന്നതും നോക്കി ആഇശ തരിച്ചു നിന്നു. ■